12596
28/9/15-

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-വനം വകുപ്പിലെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ എന്നിവരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ(എം.എസ്.) നം.72/2015/വനം** തീയതി, തിരുവനന്തപുരം, 25/09/2015.

---

പരാമർശം: 04/08/2015 ലെ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 7-19627/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വനം വകുപ്പിലെ ഡിപ്പോ/റിസർവ്വ് വാച്ചർ തുടങ്ങിയവർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ യൂണിഫോം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് പരാമർശ പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വനം വകുപ്പിലെ ഡിപ്പോ/റിസർവ്വ് വാച്ചർ തസ്തികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ യൂണിഫോം പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

## <u>ഡിപ്പോ വാച്ചർ/റിസർവ്വ് വാച്ചർ</u>

തൊപ്പി : ഇളം പച്ച നിറത്തിലുള്ള പീക്ക് ക്യാപ്പ്, മുൻപിൽ, ശ്വേത ലോഹ അശോക സ്തംഭ മുദ്ര.

ഷർട്ട് : കാക്കി ബുഷ് ഷർട്ട് മുറിക്കയ്യൻ ടെറികോട്ടൺ, മടക്കിവച്ച കോളർ, ഇടതു നെഞ്ചിൽ കീശ, മുൻ വശത്ത് അഞ്ചു കാക്കി ബട്ടണുകൾ.

പാന്റ്: ടെറികോട്ടൺ തുന്നിചേർത്തിരിക്കുന്ന അരപ്പട്ടയ്ക്ക് 80.മി.മീ. വീതി, ബൽറ്റിടാനായി പാർശ്വങ്ങളിലും പുറകിലുമായി മൂന്ന് തുണിവലയങ്ങൾ കാക്കി നിറത്തിലുള്ള ബട്ടണുകളിൽ ഉറപ്പിക്കാവുന്ന വിധത്തിൽ.

പാദരക്ഷ : റബ്ബർ ബൂട്ട്.

ബൽറ്റ് : 60 മീ.മി. വീതിയിൽ പിത്തള കൊളുത്തോടുകൂടിയ തവിട്ടു നിറത്തിലുള്ള തുകൽ ബൽട്ട്.

2) ഇപ്രകാരം യൂണിഫോം പരിഷ്കരിക്കുന്നതു മൂലം കൂടിയ യൂണിഫോം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല. കൂടാതെ മേൽ പട്ടികയിൽ ഉൾപ്പെട്ടവർ യൂണിഫോം കൃത്യമായി ധരിക്കുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും അതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

3) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികയിലുള്ളവരുടെ യൂണിഫോം പരിഷ്കരണം സംബന്ധിച്ച് ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് (യൂണിഫോം) ചട്ടങ്ങളിലെ പട്ടിക VI ഭേദഗതി ചെയ്യുന്നതിനും പട്ടിക VI ൽ നിലവിലുള്ള ആനപാപ്പാൻ, കാവടി, ബസ് ക്ലീനർ, തോട്ടക്കാരൻ, വൈൽഡ് ലൈഫ് ട്രാക്കർ എന്നീ തസ്തികകളിൽപ്പെട്ടവർക്ക് നിശ്ചയിച്ചിട്ടുള്ള യൂണിഫോം പട്ടിക IX ആയി ഉൾപ്പെടുത്തുവാനുള്ള വിശദമായ പ്രൊപ്പോസൽ ഭരണവിഭാഗം മുഖ്യവനപാലകൻ സമർപ്പിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ